**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 18** **22-07-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കുന്നതിനുള്ള കേന്ദ്രനടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കണമെന്ന കേന്ദ്ര നിർദേശത്തോട് സംസ്ഥാന സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ; | (എ) | കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കിയതും പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചത് വൈദ്യുതി മേഖലയിൽ സ്വകാര്യ പങ്കാളിത്തം സാധ്യമാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടെ യാണ്. ഇത് കൂടാതെ 2020 സെപ്റ്റംബർ മാസം കേന്ദ്രസർക്കാർ പുറത്തിറക്കിയ Draft Standard Bidding Documents for Privatization of Distribution Licensees, നിലവിൽ പൊതു മേഖലയിൽ തുടരുന്ന സ്ഥാപനങ്ങളുടെ പൂർണ്ണ ഉടമസ്ഥത സ്വകാര്യമേഖലയ്ക്ക് കൈമാറാൻ ഉദ്ദേശിച്ചിട്ടുള്ളതാണ്. കേന്ദ്രസർക്കാർ ഇലക്ട്രിസിറ്റി ആക്ട് 2003 നടപ്പിലാക്കുന്നതിന് മുന്നോടിയായി കരട് പ്രസിദ്ധികരിച്ചപ്പോഴും, പിന്നീട് പല ഘട്ടങ്ങളിലായി അതിൽ കൂടുതൽ മാറ്റങ്ങൾ കൊണ്ടുവരാൻ ശ്രമിച്ചപ്പോഴും പ്രസ്തുത നിർദ്ദേശങ്ങളിലെ വിവിധ വ്യവസ്ഥകൾ ഏതൊക്കെ വിധത്തിൽ വൈദ്യുതി മേഖലയേയും, പൊതു സമൂഹത്തേയും പ്രതികൂലമായി ബാധിക്കും എന്ന് കെ. എസ്. ഇ. ബിയും സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. വിതരണ ലൈസൻസികളുടെ സ്വകാര്യവത്കരണ ത്തിനുള്ള മാതൃകാ ബിഡ് ഡോക്യുമെന്റ് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞപ്പോഴും കേരളം വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവത്കരണം ഉദ്ദേശിക്കുന്നില്ല എന്നത് അസന്നിഗ്ദമായി വ്യക്തമാക്കിയിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.യുടെ നഷ്ടം ഏറ്റെടുക്കാമെന്ന ധാരാണാപത്രത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത കേന്ദ്രനിർദേശം അംഗീകരിച്ച് വായ്പാപരിധി ഉയർത്തിയാൽ ഉണ്ടാകുന്ന നിരക്കുവർദ്ധന തടയാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ? | (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതു മാത്രമായി നിരക്കു വർദ്ധനയ്ക്ക് ഇടവരുമെന്ന് കരുതുന്നില്ല. എന്നാൽ നാളിതു വരെ സംസ്ഥാന റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റവന്യൂ കമ്മി 6862.87 കോടി രൂപ വരുംവർഷങ്ങളിലെ താരിഫിൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. കൂടാതെ 2019-20 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് ചെയ്ത കണക്കു പ്രകാരം കെ.എസ്.ഇ.ബി.യ്ക്ക് ഒരു യൂണിറ്റിന് ‘11’ പൈസയുടെ റവന്യൂ കമ്മി ഉണ്ടാകുന്നുണ്ട്. പ്രസ്തുത റവന്യൂ കമ്മി കുറയ്ക്കുന്നതിന് കെ.എസ്.ഇ.ബി.എൽ. താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതാണ്. 1. കുറഞ്ഞനിരക്കിൽ വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകൾ മൂലം വരുമാനം വർദ്ധിപ്പിച്ച്, നിരക്ക് വർദ്ധനവ് തടയുന്നതാണ്. 2. കൂടിയ നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്. 3. ബോർഡ്, ട്രാൻസ്മിഷൻ & ഡിസ്ട്രിബ്യൂഷൻ നഷ്ടം കുറയ്ക്കുന്നതിന് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ വരുമാനം വർദ്ധിപ്പിച്ച് നിരക്ക് വർദ്ധനവ് തടയുന്നതാണ്. |

സെക്ഷൻ ഓഫീസർ